# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 358 | 26.04.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. നിയമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>,, എൽദോസ് കുന്നപ്പിള്ളി<br>,, എം. വിൻസെന്റ്<br>,, അനിൽ അക്കര | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചതെന്നും ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ എന്തെല്ലാം അഭിപ്രായങ്ങൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമ പ്രകാരം ഇതിനുവേണ്ടിയുള്ള നിയമ നിർമ്മാണം ചട്ടങ്ങൾ, നടപടി ക്രമങ്ങൾ എന്നിവ ജി.എസ്.ടി കൗൺസിലിന്റെ ശുപാർശ പ്രകാരം ആയിരിക്കും. ജി.എസ്.ടി കൗൺസിലിൽ കേന്ദ്ര ധനകാര്യ മന്ത്രിയും സംസ്ഥാന - യൂണിയൻ ടെറിട്ടറീസ് ധനമന്ത്രിമാരും അംഗങ്ങളാണ്. കേന്ദ്ര ധനകാര്യ മന്ത്രിക്ക് 1/3 വോട്ടിംഗ് വെയിറ്റേജും, ബാക്കിയുള്ളവർക്കെല്ലാം കൂടി 2/3 വോട്ടിംഗ് വെയിറ്റേജുമാണ് നിശ്ചയിച്ചിട്ടുള്ളത്. വോട്ടിംഗ് വേണ്ടി വന്നാൽ പാസ്സാക്കുന്നത് 3/4 വോട്ടിംഗ് വെയിറ്റേജിൽ ആണ്. ആയതിനാൽ കേന്ദ്രം എതിർക്കുന്ന ഒരു പ്രൊപ്പോസലും പാസ്സാകുകയില്ല.<br>ഇതിനകം പതിമൂന്ന് ജി.എസ്.ടി കൗൺസിൽ യോഗങ്ങൾ നടന്നു കഴിഞ്ഞു. ഇതുവരെയും കേന്ദ്രമോ സംസ്ഥാനങ്ങളോ അവരുടെ അഭിപ്രായം അടിച്ചേൽപ്പിക്കുന്ന രീതിയിൽ ഒരു |

| | | | |
|---|---|---|---|
| | | | വോട്ടിംഗ് നിലയിലേക്ക് പോയിട്ടില്ല. പരമാവധി വിട്ടുവീഴ്ചകൾ ചെയ്ത് ഏകകണ്ഠമായ തീരുമാനം എടുക്കാനുള്ള സമീപനമാണ് രണ്ടുപേരും സ്വീകരിച്ചിട്ടുള്ളത്.<br><br>പ്രസ്തുത യോഗങ്ങളിൽ തീരക്കടലിൽ നടക്കുന്ന സപ്ലൈകൾ കേന്ദ്ര നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന നിർദ്ദേശം ഉണ്ടായി. കൂടാതെ നിലവിലുള്ള സേവന നികുതി ദാതാക്കളുടെയും അന്തർ സംസ്ഥാന സപ്ലൈകളുള്ള ഡീലർമാരുടെയും ഭരണ നിർവ്വഹണം കേന്ദ്രത്തിന് മാത്രമായി വിട്ടുനൽകണമെന്നും കേന്ദ്രം അഭിപ്രായപ്പെടുകയുണ്ടായി. ഇതിനെ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ശക്തമായി എതിർക്കുകയും ഇതിന്റെ ഫലമായി ഒന്നര കോടി രൂപ വരെ വിറ്റുവരവുള്ള സപ്ലൈകളിൽ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളും അതിനു മുകളിലുള്ളവ 1:1 എന്ന അനുപാതത്തിലും വീതം വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | നിയമം നടപ്പാക്കുന്നതു മൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം നികത്തുവാൻ എന്തൊക്കെ പാക്കേജുകളാണ് കേന്ദ്രം സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ; | (ബി) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാന തത്വത്തിൽ ലഭിക്കുമെന്നതിനാലും സേവനങ്ങളിന്മേൽ നികുതി പിരിക്കാമെന്നുള്ളതിനാലും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി നഷ്ടം ഉണ്ടാകാൻ സാധ്യത കുറവാണ്.<br>ജി.എസ്.ടി നടപ്പാകുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം തത്വത്തിൽ അംഗീകരിക്കുകയും ജി.എസ്.ടി നടപ്പിലാക്കിയതിന് ശേഷമുള്ള ആദ്യത്തെ അഞ്ചു വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ജി.എസ്.ടി. നടപ്പാക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കുമോ? | (സി) | ജി.എസ്.ടി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ എസ്.ജി.എസ്.ടി നിയമം പാസ്സാക്കേണ്ടതുണ്ട്. വ്യാപാരികളുടെ രജിസ്ട്രേഷൻ റിട്ടേൺ ഫയലിംഗ് ഇ-പേയ്മെന്റ് നടത്തുന്നതിനും വേണ്ട IT സംവിധാനമായ് Common Portal GSTN തയ്യാറാക്കി വരുന്നു. എന്നാൽ സംസ്ഥാന സർക്കാർ backend module തയ്യാറാക്കേണ്ടതുണ്ട്. ഇതിനു വേണ്ട Software Application NIC യുടെ സഹകരണത്തോടെ പുരോഗമിച്ചു വരുന്നു. വകുപ്പിലെ എല്ലാ ജീവനക്കാർക്കും ജി.എസ്.ടി നിയമത്തെക്കുറിച്ചും സാങ്കേതിക വിദ്യയെക്കുറിച്ചും പരിശീലനം നൽകേണ്ടതുണ്ട്. നിയമത്തെക്കുറിച്ചുള്ള പരിശീലനം അന്തിമഘട്ടത്തിലാണ്. സാങ്കേതിക പരിശീലനം GSTN ന്റെ നിർദ്ദേശപ്രകാരം മേയ് ആദ്യവാരം മുതൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ജി.എസ്.ടി നടപ്പിൽ വരുമ്പോൾ ഉദ്യോഗസ്ഥ ക്രമീകരണങ്ങളും നടത്തേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**